# കേരള സർക്കാർ
## ജലസേചനവകുപ്പ്, മെക്കാനിക്കൽ വിഭാഗം
## പുനർ ദർഘാസ് പരസ്യം.

പരസ്യ നം : 06 / 2020 - 21
ഫയൽ നം : ഡി ബി - 4 / 92

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ഡ്രഡ്ജർ സബ് ഡിവിഷൻ, എറണാകുളം
ഇറിഗേഷൻ ഡിപ്പാർട്മെൻറ്
സിവിൽസ്റ്റേഷൻ അഞ്ചാം നില കാക്കനാട് 682030.
aeemechdsdekm@gmail.com
Ph No.0484 2421410
തീയതി : 03/09/2020.

എറണാകുളം ഡ്രഡ്ജർ സബ് ഡിവിഷൻ പരിധിയിലുള്ളതും കണക്കൻ കടവ് റെഗുലേറ്റർ പരിസരത്ത് സൂക്ഷിച്ചിരിക്കുന്നതുമായ 10 റെഗുലേറ്റർ ഷട്ടറുകളുടെയും 2 ലോക്ക് ഷട്ടറുകളുടെയും ഉപയോഗശൂന്യമായ വയർ റോപ്പുകൾ നിലവിലെ അവസ്ഥയിൽ ഈ ഓഫീസിൽവച്ച് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ ഓപ്പൺ ടെണ്ടർ വഴി വിൽക്കുന്നതായിരിക്കും ആയതിനാൽ ജി എസ് ടി രെജിസ്ട്രേഷൻ ഉള്ള കരാറുകാരിൽ നി.ന്നും ദർഘാസുകൾ ക്ഷണിക്കുന്നു. താഴെപ്പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് ഈ ആവശ്യത്തിലേക്കുള്ള ദർഘാസുകൾ വെള്ളക്കടലാസിൽ തയ്യാറാക്കി അതോടൊപ്പം നിരത ദ്രവ്യമായ **100/** രൂപയുടെ ( നൂറ് രൂപ മാത്രം) ഡി ഡി യും ( അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡ്രഡ്ജർ സബ് ഡിവിഷൻ, എറണാകുളത്തിന്റെ പേരിൽ മാറാവുന്നത് ) പാൻ കാർഡിന്റേയും ജി എസ് ടി രെജിസ്ട്രേഷന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അടക്കംചെയ്തു മുദ്രവെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്ത് " ടെൻഡർ നമ്പർ 0**6**/20**20–2**1" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഡി ഡി ക്കു പകരം ചെക്കുകൾ, ഡിഡി യുടെ പകർപ്പുകൾ, പണം എന്നിവ അടക്കം ചെയ്ത ദർഘാസുകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ ഈ ഓഫീസിൽ **23/ 09/2020** ന് വൈകുന്നേരം **3.00** മണിവരെ സമർപ്പിക്കാവുന്നതാണ് ദർഘാസുകൾ രെജിസ്റ്റേർഡ് തപാലായോ, സ്പീഡ് പോസ്റ്റ് ആയോ മാത്രമേ സ്വീകരിക്കുകയുള്ളൂ. വൈകിലഭിക്കുന്ന തപാലുകൾ നിരസിക്കുന്നതായിരിക്കും നിശ്ചിത സമയത്ത് ലഭിച്ച ദർഘാസുകൾ ഈ ഓഫീസിൽ അതേ ദിവസം വൈകുന്നേരം **4.00** മണിക്ക് അപ്പോൾ ഹാജർ ആയവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും നിലവിലുള്ള ഡിപ്പാർട്മെൻറ് നിയമങ്ങൾക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്.

ദർഘാസ് തുറന്നശേഷം ഉയർന്ന തുക ക്വൊട്ട് ചെയ്ത കരാറുകാരന്റേ പേരിൽ സർക്കാർ നിശ്ചയിച്ച മതിപ്പുവില എങ്കിലും ലഭിക്കുന്ന പക്ഷം ദർഘാസ് താൽക്കാലികമായി ഉറപ്പിക്കുന്നതും ഈ ഉറപ്പ് ടി യാന് രേഖാമൂലം ലഭിച്ച് 7 ദിവസത്തിനകം ക്വൊട്ട് ചെയ്ത തുകയും നിലവിലുള്ള ജി എസ് ടി യും, ഇൻകം ടാക്സും അടച്ച് അസ്സൽ ചലാൻ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്., ആയവ ഈ ഓഫീസിൽ ലഭിക്കുന്ന മുറക്ക് ടി കരാറുകാരന്റേ പേരിൽ ദർഘാസ് സ്ഥിരപ്പെടുത്തുന്നതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി വ്യക്തിയെ ഒഴിവാക്കി പുനർദർഘാസ് നടത്തുന്നതുമായിരിക്കും. ഇത് മൂലം എന്തെങ്കിലും തരത്തിലുള്ള നഷ്ടം സർക്കാരിനുണ്ടാവുകയാണെങ്കിൽ ആ നഷ്ടം മേൽ വ്യക്തിയിൽ നിന്ന് റെവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കുന്നതാണ്. ഇതിൽ നിന്നും വ്യത്യസ്തമായി സർക്കാർ നിശ്ചയിച്ചമതിപ്പുവിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് ക്വൊട്ട് ചെയ്തിട്ടുള്ളതെങ്കിൽ ഡിപ്പാർട്മെന്റിൽ നിലവിലുള്ള നിയമം അനുസരിച്ച് ദർഘാസ് ഉറപ്പിക്കുകയോ പുനർദർഘാസ് നടത്തുകയോ ചെയ്യുന്നതായിരിക്കും. ദർഘാസ് സ്ഥിരപ്പെടുത്തുന്ന വ്യക്തി അറിയിപ്പ് ലഭിക്കുമ്പോൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും **30** ദിവസത്തിനകം ടി സ്ക്രാപ്പുകൾ ഡിപ്പാർട്മെൻറ് സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം മേൽ വ്യക്തിയെ ഒഴിവാക്കി പുനർദർഘാസ് നടത്തുന്നതും ടി കരാറുകാരൻ അടച്ച തുകയും മറ്റും സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ആയിരിക്കും. പ്രസ്തുത സാധന സാമഗ്രികൾ നീക്കം ചെയ്യുന്ന സമയത്ത് സർക്കാർ സ്വകാര്യ വസ്തുക്കൾക്ക് യാതൊരുവിധ കേടുപാടുകളും വരുത്താതെ നോക്കേണ്ടതാണ് ഇതുമൂലം ഏതെങ്കിലും വിധത്തിലുള്ള നഷ്ട്ടം സർക്കാരിനുണ്ടാവുകയാണെങ്കിൽ ആ നഷ്ട്ടം ടി വ്യക്തിയിൽ നിന്നും റെവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കുന്നതുമായിരിക്കും. ഇതിലേക്കായി കരാർ സ്ഥിരപ്പെടുത്തുന്ന മുറക്ക് സർക്കാരുമായി പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതാണ്. ദർഘാസ് തീയതികളിൽ മാറ്റം വരുത്തുന്നതിനുള്ള അവകാശം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ് ഡിപ്പാർട്മെന്റിലെ ദർഘാസ് സംബന്ധമായ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

ദർഘാസ് നിശ്ചയിച്ചിട്ടുള്ള ദിവസം ഏതെങ്കിലും കാരണത്താൽ അവധി ആയി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവർത്തിദിവസം അതേ സമയം ദർഘാസ് തുറക്കുന്നതായിരിക്കും. ഇതിന് പ്രത്യേക നോട്ടീസ് ഉണ്ടായിരിക്കുന്നതല്ല. കണക്കൻകടവ്റെഗുലേറ്റർ പരിസരത്ത് സൂക്ഷിച്ചിരിക്കുന്ന സ്ക്രാപ്പുകളെക്കുറിച്ച് പ്രവർത്തി ദിവസങ്ങളിൽ കാക്കനാട്, സിവിൽസ്റ്റേഷൻ അഞ്ചാം നില ഡ്രഡ്ജർ സെക്ഷൻ നം.7 ഓഫീസുമായി ബന്ധപ്പെട്ട് പരിശോധിക്കാവുന്നതാണ്.

| നമ്പർ | ഇനം | നിരതദ്രവ്യം |
|---|---|---|
| 1 | കണക്കൻ കടവ് റെഗുലേറ്റർ പരിസരത്ത് സൂക്ഷിച്ചിരിക്കുന്നതായ 10 റെഗുലേറ്റർ ഷട്ടറുകളുടെയും 2 ലോക്ക് ഷട്ടറുകളുടെയും ഉപയോഗശൂന്യമായ വയർ റോപ്പുകൾ | 100.00 |
| | ആകെ നിരതദ്രവ്യം | RS. 100.00 |

എന്ന്

രാജേഷ് പി. ആർ
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
( കേരളാ ഗവർണ്ണർക്കുവേണ്ടി )